"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - **2019**-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരമുള്ള ലൈസൻസ് വ്യവസ്ഥകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള കരട് മാർഗ്ഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.82/2026/LSGD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:- തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **31.05.2025** തീയതിയിലെ **LSGD/PD/10800/2025-REV3** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

**2019**-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും **(MSME)** സ്ഥാപിക്കുന്നതിനു മുന്നോടിയായി തത്വത്തിലുള്ള അംഗീകാരം **(principal approval)** നേടുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം തത്വത്തിലുള്ള അംഗീകാരം നേടുന്ന പക്ഷം ടി സംരംഭങ്ങളെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള കെട്ടിട നിർമ്മാണ പെർമിറ്റ്, ഭൂവികസന പെർമിറ്റ്, ലേ ഔട്ട് അപ്രൂവൽ, **1994**- കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഫാക്ടറിയോ യന്ത്രസാമഗ്രികളോ സ്ഥാപിക്കുന്നതിനുള്ള അനുവാദം, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ, പ്രൈവറ്റ് ഹോസ്പിറ്റൽ രജിസ്ട്രേഷൻ എന്നിവ നേടുന്നതിൽനിന്നും മൂന്നര വർഷ കാലത്തേക്ക് (അപ്രൂവൽ തീയതി മുതൽ മൂന്നു വർഷവും ആറു മാസവും) ഒഴിവ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഇത്തരം സ്ഥാപനങ്ങളുടെ സംരംഭകർ ടി മൂന്നര വർഷം കഴിയുന്നതിനു മുമ്പായി മേൽ പരാമർശിച്ച പെർമിറ്റ് അപ്രൂവൽ, അനുവാദം, ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ബാധകമായ നിയമ വ്യവസ്ഥകൾക്കനുസൃതമായി നേടേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**2. 2019**-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് **(MSME Act 2019)** പ്രകാരമുള്ള ലൈസൻസ് വ്യവസ്ഥകളിൽ തദ്ദേശസ്ഥാപനങ്ങൾക്കുള്ള മാർഗനിർദ്ദേശങ്ങൾ നൽകേണ്ടത് അനിവാര്യമാണെന്നും ആയതിന് **2019 MSME Facilitation** ആക്ട് പ്രകാരം തത്വത്തിലുള്ള അംഗീകാരം നേടിയിട്ടുള്ള സംരംഭങ്ങൾ നിയമാനുസൃത പെർമിറ്റ്, അപ്രൂവൽ, അനുവാദം, ലൈസൻസ് രജിസ്ട്രേഷൻ എന്നിവയ്ക്കായി നൽകുന്ന അപേക്ഷകൾ

സമയബന്ധിതമായി തീർപ്പാക്കുന്നതിലേയ്ക്കായി ഉത്തരവു പുറപ്പെടുവിക്കണമെന്നും ആയതിനായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശ കത്ത് പ്രകാരം കരട് ശിപാർശ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരമുള്ള ലൈസൻസ് വ്യവസ്ഥകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1. MSME ഫെസിലിറ്റേഷൻ ആക്ട് പ്രകാരം തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം നേടിയിട്ടുള്ള സംരംഭങ്ങളെ സംബന്ധിച്ച് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം അതതു സംഗതി പോലെ സാക്ഷ്യപത്രം ലഭിച്ച തീയതി മുതൽ മൂന്നര വർഷക്കാലത്തേയ്ക്ക് നിയമാനുസൃതം നേടിയിട്ടുള്ള ബിൽഡിംഗ് പെർമിറ്റ്/ ഭൂവികസന പെർമിറ്റ്/ ലേ ഔട്ട് അപ്രൂവൽ/ ഫാക്ടറി, യന്ത്രസാമഗ്രികളുടെ സ്ഥാപനാനുമതി രേഖ/ ലൈസൻസ് സർട്ടിഫിക്കറ്റ്/ പാരാമെഡിക്കൽ, ഹോസ്പിറ്റൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയായി പരിഗണിക്കേണ്ടതാണ്.

2. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം നേടിയിട്ടുള്ള സംരംഭകർ ടി സാക്ഷ്യപത്ര തീയതി മുതൽ മൂന്നര വർഷം അവസാനിക്കുന്നതിനു മുമ്പ് അതത് സംഗതി പോലെ ബിൽഡിംഗ് പെർമിറ്റ്/ ഭൂവികസന പെർമിറ്റ്/ ലേ ഔട്ട് അപ്രൂവൽ/ ഫാക്ടറി, യന്ത്രസാമഗ്രികളുടെ സ്ഥാപനാനുമതി രേഖ/ ലൈസൻസ് സർട്ടിഫിക്കറ്റ്/ പാരാമെഡിക്കൽ, ഹോസ്പിറ്റൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിശ്ചിത മാതൃകയിൽ അപേക്ഷ നൽകേണ്ടതാണ്. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ കാലാവധി ഇതിനോടകം കഴിഞ്ഞിട്ടുള്ളതും എന്നാൽ മേൽ പ്രകാരമുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ സമർപ്പിച്ചിട്ടില്ലാത്തതുമായ സംരംഭങ്ങളെ സംബന്ധിച്ച് ഈ ഉത്തരവ് തീയതി മുതൽ 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ യഥാസമയം ലഭിച്ചിട്ടുള്ളതായി പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

3. കെട്ടിട നിർമ്മാണ പെർമിറ്റ്, ഭൂവികസന പെർമിറ്റ് എന്നിവയുടെ കാര്യത്തിൽ കെട്ടിട നിർമ്മാണം/ ഭൂവികസനം പുർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം തീയതി മുതൽ 5 വർഷക്കാലം അവസാനിക്കുന്ന തീയതി വരെ കാലാവധി നൽകി പെർമിറ്റ് അനുവദിക്കേണ്ടതാണ്. നിർമ്മാണം/ ഭൂവികസനം പുർത്തീകരിച്ചിട്ടുള്ള പക്ഷം 2019-ലെ കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നിശ്ചിത ഫോറത്തിലുള്ള കംപ്ലീഷൻ റിപ്പോർട്ടും കംപ്ലീഷൻ പ്ലാനും അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. ആയത് പരിശോധിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്. ഇപ്രകാരം പെർമിറ്റ് അഥവാ ഒക്കുപ്പെൻസി/ ഡവലപ്പ്മെൻറ്റ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബാധകമായ പെർമിറ്റ് ഫീസ് മാത്രം

ഈടാക്കേണ്ടതും ക്രമവൽക്കരണ ഫീസ് യാതൊരു കാരണവശാലും ഈടാക്കാൻ പാടില്ലാത്തതുമാണ്.

4. മേൽ പ്രകാരം ഒക്കുപ്പെൻസി സാക്ഷ്യപത്രം അനുവദിക്കുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിക്കുന്ന തീയതി (ഒക്കുപ്പെൻസി സാക്ഷ്യപത്ര തീയതി മുതൽ 15 ദിവസങ്ങൾക്കുള്ളിൽ) പ്രാബല്യത്തിൽ 2011-ലെ കേരള പഞ്ചായത്ത് രാജ്, കേരള മുൻസിപ്പാലിറ്റി വസ്തുനികുതി ചട്ടങ്ങൾ പ്രകാരം ബാധകമാകുന്ന നിരക്കിൽ വസ്തു നികുതി ചുമത്തേണ്ടതും ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണ്. ഒക്കുപ്പെൻസി സാക്ഷ്യപത്രം നേടുന്നതിനു മുൻപ് തന്നെ സ്ഥാപനം പ്രവർത്തിച്ച് തുടങ്ങിയ സാഹചര്യത്തിൽ അപ്രകാരം പ്രവർത്തിച്ച് തുടങ്ങിയ തീയതി മുതൽ നികുതി നിർണ്ണയിച്ച് ഈടാക്കാവുന്നതാണ്. എന്നാൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ലാത്ത കാലയളവിലെ നികുതിയ്ക്ക് പിഴപലിശ ഈടാക്കാൻ പാടില്ലാത്തതാണ്.

5. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേയ്ക്ക് മാത്രം കെട്ടിടത്തിന് നൽകപ്പെട്ട താത്കാലിക നമ്പരായി കരുതപ്പെടുന്നതാണെന്ന് 2020 ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയം നടത്തിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ താൽക്കാലിക നമ്പർ നിലവിൽ വന്ന തീയതി (കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതോ കെട്ടിടം ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിച്ച് തുടങ്ങിയതോ ആയ തീയതി) പ്രാബല്യത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ടങ്ങൾ പ്രകാരം നികുതി നിർണ്ണയം നടത്തി നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ലാത്ത കാലയളവിലെ നികുതിക്ക് പിഴപ്പലിശ ഈടാക്കാൻ പാടില്ലാത്തതാണ്.

6. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം നേടിയിട്ടുള്ള സംരംഭം CTP/DTP -യിൽ നിന്നും ലേ ഔട്ട് അപ്രൂവൽ ആവശ്യമാകുന്നതായ സംഗതിയിൽ സംരംഭകർ നാളിതു വരെ ആയതു നേടുകയോ ആയതിന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ലാത്ത പക്ഷം അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ മുഖേന DTP ഓഫീസിലേക്ക് അപേക്ഷ നൽകി തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ആവശ്യമായ സ്ക്രൂട്ട്നി ഫീസ് ഈടാക്കി അതത് സംഗതി പോലെ CTP/DTP ഓഫീസ്, ലേ ഔട്ട് അപ്രൂവൽ അപേക്ഷ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്.

7. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം നേടിയിട്ടുള്ള സംരംഭം 1994-ലെ കേരള മുനിസിപ്പാലിറ്റി/പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥ പ്രകാരം ഫാക്ടറിയോ യന്ത്രസാമഗ്രികളോ സ്ഥാപിക്കുന്നതിനുള്ള അനുവാദം ആവശ്യമാകുന്നതായ സംഗതിയിൽ സംരംഭകർ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം കാലാവധി അവസാനിച്ച ശേഷം നാളിതുവരെ ആയതു നേടുകയോ ആയതിന്

അപേക്ഷിക്കുകയോ ചെയ്തിട്ടില്ലാത്ത പക്ഷം മതിയായ രേഖകളും ബാധകമാകുന്ന എല്ലാ നിരാക്ഷേപ സാക്ഷ്യപത്രം/ സമ്മതപത്രങ്ങളും ഉള്ളടക്കം ചെയ്ത് നിശ്ചിത മാതൃകയിൽ അപേക്ഷ നൽകേണ്ടതും, 2025 ലെ കേരള പഞ്ചായത്ത് രാജ് (സംരംഭങ്ങൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം ബാധകമാകുന്ന ഫീസ് അടവാക്കേണ്ടതുമാണ്. ടി സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ ആക്ടിലേയോ ചട്ടങ്ങളുടേയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം ഉണ്ടായിട്ടുള്ള പക്ഷം കേരള പഞ്ചായത്ത് രാജ് ആക്ടിലെ 233 എ/ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 449 വകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

8. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം നേടിയിട്ടുള്ള സംരംഭം 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പോ 1994- കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447-ാം വകുപ്പോ പ്രകാരമുള്ള ലൈസൻസ് ആവശ്യമാകുന്നതായ സംഗതിയിൽ തത്വത്തിലുള്ള അംഗീകാരസാക്ഷ്യപത്രം കാലാവധി അവസാനിച്ച ശേഷം നാളിതു വരെ സംരംഭകൻ ആയതു നേടുകയോ ആയതിന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ലാത്ത പക്ഷം മതിയായ രേഖകൾ സഹിതം അപേക്ഷ നൽകേണ്ടതാണ്. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം യഥാവിധി നേടിയിട്ടുള്ള രജിസ്ട്രേഷനായി കണക്കാക്കി നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്വീകരിച്ച് തുടർന്നുള്ള കാലത്തേക്ക് ലൈസൻസ് പുതുക്കി നൽകേണ്ടതാണ്. പാരാമെഡിക്കൽ, ഹോസ്പിറ്റൽ രജിസ്ട്രേഷൻ ആവശ്യമാകുന്നതായ സംഗതിയിൽ "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" യഥാവധി നേടിയിട്ടുള്ള രജിസ്ട്രേഷനായി കണക്കാക്കി നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്വീകരിച്ച് തുടർന്നുള്ള കാലത്തേയ്ക്ക് രജിസ്ട്രേഷൻ പുതുക്കി നൽകേണ്ടതാണ്.

9. 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും നഗരപ്രദേശ വികസനവും ആക്ടും അനുബന്ധ ചട്ടങ്ങൾ പ്രകാരവും നൽകിയിട്ടുള്ള അനുമതികളും കൽപിത അനുമതികളും, 2000- ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും നഗരപ്രദേശ വികസനവും ചട്ടങ്ങളിലെ ഫോറം നമ്പർ 'സി' പ്രകാരം ലഭിക്കുന്ന സംയുക്ത ലൈസൻസുകളും നിയമാനുസൃതം നൽകിയിട്ടുള്ള ലൈസൻസുകളും അനുമതികളായി പരിഗണിക്കേണ്ടതാണ്. ഏകജാലക ക്ലിയറൻസ് നിയമലംഘനങ്ങളില്ലാത്ത പക്ഷം നിയമാനുസൃത കെട്ടിടങ്ങളായി കണക്കാക്കേണ്ടതും അവയ്ക്ക് ക്രമവൽക്കരണ ഫീസ് ഈടാക്കാൻ പാടില്ലാത്തതുമാണ്.

10. മേൽ പ്രകാരം ആവശ്യമായ അംഗീകാരം നേടുന്നതിന് 2-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള സമയപരിധിക്കകം അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത സംഗതിയിൽ അത്തരം സംരംഭങ്ങളെ നിയമാനുസൃതം നേടേണ്ട അനുമതി/ അംഗീകാരം നേടാത്ത സംരംഭങ്ങളായി കണക്കാക്കേണ്ടതും അവയ്ക്കെതിരെ, അംഗീകാരമില്ലാത്ത നിർമ്മാണം പ്രവർത്തനം നടത്തുന്നതിനെതിരെ നിയമാനുസൃതം സ്വീകരിക്കാവുന്ന എല്ലാ നടപടികളും സ്വീകരിക്കാവുന്നതാണ്.

11. ഇതിനോടകം പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളിൽ നിന്നും പ്രവർത്തനം

ആരംഭിച്ച തിയതി മുതൽ ബാധകമായ വ്യവസ്ഥകൾക്ക് വിധേയമായി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ലാത്ത കാലയളവിലെ നികുതിക്ക് പിഴപ്പലിശ ഈടാക്കാൻ പാടില്ലാത്തതാണ്.

12. മേൽ പ്രകാരം അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിന് കെ-സ്മാർട്ടിൽ ആവശ്യമായ ക്രമീകരണം ഐ.കെ.എം നടത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ (ജനറൽ / പ്ലാനിംഗ്) തദ്ദേശസ്വയാഭരണ വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (വകുപ്പ് മേധാവി മുഖേന)
എല്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
വകുപ്പ് മേധാവി മുഖേന)
വ്യവസായ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ, ഒഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Krishnakumar S
Date: 11-03-2026 16:25:49
സെക്ഷൻ ഓഫീസർ